# നീരയ്ക്കായ് ഉറച്ച് കേരകർഷകരും ജനപ്രതിനിധികളും

തെങ്ങുകൃഷി സംരക്ഷിക്കാൻ നീര ഉത്പാദനം കൂടിയേ തീരൂ എന്ന് ഉറച്ചുപ്രഖ്യാപിക്കുകയായിരുന്നു നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ കണ്ണൂരിലെ ചെറുപുഴയിൽ ഇക്കഴിഞ്ഞ ജൂൺ 15-ാം തീയതി നടന്ന കേരകർഷസംഗമവും 'നീര സാധ്യതകൾ' സംവാദവും. കനത്ത മഴയെയും പ്രതികൂല കാലാവസ്ഥയേയും അവഗണിച്ച് നൂറു കണക്കിന് കേരകർഷകരാണ് കർഷക സംഗമത്തിലേക്ക് എത്തിയത്. അറുനൂറ് പേർക്കിരിക്കാവുന്ന ഓപ്പൺ എയർ ഓഡിറ്റോറിയത്തിനു പുറമെ അറുനൂറുപേർക്കായി ഒരുക്കിയ മറ്റൊരു പ്രത്യേക പന്തലും നിറഞ്ഞ് കർഷകർ എത്തി. വിലയിടിവിൽ നട്ടെല്ല് തകർന്ന കേരകർഷകർ അവകാശത്തിനായി പോരാടാൻ മടിക്കില്ലെന്നും അവഗണന തുടർന്നാൽ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാവുമെന്ന താക്കീതുമായി മാറി കേരകർഷക സംഗമം. സംസ്ഥാന ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് സംവാദം ഉദ്ഘാടനം ചെയ്തു. പയ്യന്നൂർ എം.എൽ.എ ശ്രീ. കൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ് മുഖ്യപ്രഭാഷകനായിരുന്നു.

നാളികേര കൃഷിയുടെ രക്ഷയ്ക്ക് നീര ഉത്പാദനം അനിവാര്യമാണെന്ന ഗ്രാമവികസന വകുപ്പു മന്ത്രി കെ.സി. ജോസഫിന്റെ



ഉദ്ഘാടന പ്രസംഗത്തിലെ പ്രഖ്യാപനം കൈയ്യടിയോടെയും ഹർഷാരവത്തോടെയുമാണ് സദസ്സ് സ്വീകരിച്ചത്. തെങ്ങിന്റെ വ്യാവസായിക സാധ്യതകൾ മുതലെടുത്ത് നീര ഉത്പാദനം ആരംഭിക്കുന്നതിനായി അബ്കാരി നിയമത്തിൽ മാറ്റം വരുത്താൻ മന്ത്രിസഭ തീരുമാനിച്ചതായും നീര ഉത്പാദനത്തിനുള്ള തടസ്സങ്ങൾ നീക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു. അനുബന്ധ ഉൽപന്നങ്ങൾ നിർമ്മിച്ച് വൈവിധ്യവത്കരണം നടത്തണം. വിലയിടിവിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉത്പാദക കമ്പനികൾക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.



*സംസ്ഥാന ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് നീര സംവാദം ഉദ്ഘാടനം ചെയ്യുന്നു. പയ്യന്നൂർ എംഎൽഎ ശ്രീ. സി. കൃഷ്ണൻ, നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, തേജസിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ശ്രീ. സണ്ണി ജോർജ്ജ് ഇളംതുരുത്തിൽ എന്നിവർ സമീപം*



കർഷകരുടെ കൂട്ടായ്മ അത്യാവശ്യമാണെന്നും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൂട്ടായ്മകൊണ്ട് നേരിടണമെന്നും ശ്രീ. സി. കൃഷ്ണൻ എംഎൽഎ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. കാർഷിക മേഖലയിൽ നിന്ന് യുവതീ-യുവാക്കൾ മുഖംതിരിക്കുന്നതിന്റെ കാരണം ഈ മേഖല അനാകർഷകമായതുകൊണ്ടാണ്. ചെറുപ്പക്കാരെ കാർഷിക മേഖലയിലേക്ക് കൊണ്ടുവരാൻ കാർഷിക മേഖല ആകർഷകമാക്കണം. മൂല്യ വർദ്ധിത കേര ഉൽപന്നങ്ങളുടെ നിർമ്മാണത്തിലൂടേയും വൈവിധ്യവത്ക്കരണത്തിലൂടെയും കേരകൃഷിയെ രക്ഷിക്കാൻ കഴിയും. ചെറുപുഴയിൽ ഒരു നാളികേര ഉത്പാദക കമ്പനി തുടങ്ങുന്നുവെന്നത് സ്വാഗതാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ രണ്ട് നാളികേര പ്രൊഡ്യൂസർ കമ്പനികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞെന്നും ഇനിയും കാത്തു നിൽക്കില്ലെന്നും നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ.ജോസ് ഐഎഎസ് മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. വൈവിധ്യമാർന്ന നാളികേര ഉൽപന്നങ്ങൾ നിർമ്മിച്ച് മറ്റ് രാജ്യങ്ങൾ മുന്നേറുമ്പോൾ കേരളത്തിന്റെ നാടായ കേരളം കുതിയ്ക്കാൻ പോലുമാവാതെ കിതയ്ക്കുകയാണ്. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കി വരികയാണ്. ലോകത്തിൽ 94 രാജ്യങ്ങളിലാണ് തെങ്ങുകൃഷിയുള്ളത്. ഇതിൽ 93 രാജ്യങ്ങളിലും നീര ഉത്പാദനം നടക്കുന്നു. മറ്റു രാജ്യങ്ങളിൽ നിന്നുള്ള നീരയും നിര ഉൽപന്നങ്ങളും കേരളത്തിൽ ലഭ്യമാണ്. ആസിയാൻ കരാർ നടപ്പാവുന്നതോടുകൂടി ഇത് പൂർണ്ണമാവും. ഈയവസ്ഥയിലും കേരളം നീര ഉത്പാദനത്തെക്കുറിച്ച് അനാവശ്യമായ ചർച്ചകളിൽ മുഴുകിയിരിക്കുന്നു. നീര കള്ളിന്റെ വിഭാഗത്തിൽപ്പെടുത്തി ചിന്തിക്കുന്നതാണ് തെറ്റിദ്ധാരണയ്ക്ക് കാരണം. പാലുപോലെ പരിശുദ്ധമായ നീര ഉത്തമമായ ആഹാരമാണെന്നും അദ്ദേഹം പറഞ്ഞു. നീര ഉത്പാദനത്തെസംബന്ധിച്ച കർഷകരുടെ സംശയങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു.





സദസ്സ്

തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ അംഗമായതോടുകൂടി തെങ്ങുകയറ്റ തൊഴിലാളികളുടെ സാമൂഹ്യനില ഉയർന്നുവെന്നും പണിയെടുത്ത് കൈ നിറയെ പണം വാങ്ങുന്നവരായി തൊഴിലാളികൾ മാറിയെന്നും അദ്ദേഹം പറഞ്ഞു. ഇതുപോലെ നീര ടെക്നീഷ്യന്മാർക്കും ചെത്തു തൊഴിലാളികൾക്കും ഇന്നുള്ളതിന്റെ എത്രയോ ഇരട്ടി വരുമാനം നീര ചെത്തുന്നതിലൂടെ ലഭ്യമാകുമെന്നും കണക്കുകൾ ഉദ്ധരിച്ച് അദ്ദേഹം ചൂണ്ടിക്കാട്ടി. ചെത്തു തൊഴിലാളി നേതാവ് ശ്രീ. വി.ആർ. സുനിൽ കുമാർ, കർഷകനായ ശ്രീ. ബേബി കുര്യൻ തുടങ്ങിയവർക്കുള്ള മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം സൂചിപ്പിച്ചത്.



ഉത്പാദക കമ്പനികളെ നബാർഡ് സ്വന്തം നിലയിൽ സഹായിക്കുമെന്നും കമ്പനിയുടെ പ്രൊജക്ടുകൾ പരിശോധിച്ച് ആവശ്യമായ സഹകരണങ്ങൾ ചെയ്യുമെന്നും നബാർഡ് എ.ജി.എം.ശ്രീ. പി. ദിനേശ് പറഞ്ഞു. സംഭരണ കേന്ദ്രങ്ങൾ തുടങ്ങാനും, ഉൽപന്നങ്ങളുടെ ഗ്രേഡിംഗിനും മറ്റും നബാർഡിന് നേരിട്ട് സഹായിക്കാൻ കഴിയും. കർഷകരെ സഹായിക്കാൻ ബാങ്കുകൾ തയ്യാറാണ്. ഡെവലപ്മെന്റൽ കമ്പനികൾ ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവ വഴി കർഷകരെ സഹായിക്കുന്നു. എന്നാൽ എന്തും സൗജന്യമായി കിട്ടും എന്ന ചിന്ത കർഷകർ കൈവെടിയണമെന്നും അദ്ദേഹം പറഞ്ഞു.

കർഷകർ രാജ്യത്തിന്റെ നട്ടെല്ലാണെന്നും കോടിക്കണക്കിനാളുകൾക്ക് ആഹാരമേകുന്ന കർഷകർക്ക് മതിയായ പരിഗണനയില്ലെന്നും തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ശ്രീ. സണ്ണി ജോർജ്ജ് ഇളംതുരുത്തിൽ പറഞ്ഞു. സാമ്പത്തിക സുരക്ഷിതത്വമില്ലാത്ത കർഷകരും കർഷകരുടെ മക്കളും കൃഷി ഉപേക്ഷിച്ച് മറ്റ് തൊഴിലുകൾ തേടി പോവുകയാണ്. വിലയിടിവുമൂലം ഭക്ഷ്യവിളകൾ ഉപേക്ഷിച്ച് കൂടുതൽ ആദായകരമായ നാണ്യവിളകളിലേക്ക് കർഷകർ ചുവട് മാറ്റുകയാണ്.



സ്വന്തം മക്കളെപ്പോലെ പോറ്റി വളർത്തിയ തെങ്ങ് മുറിച്ചുമാറ്റാൻ കർഷകന്റെ മനസ്സനുവദിക്കുന്നില്ല. മൂല്യവർദ്ധിത ഉൽപന്നങ്ങൾ വഴി തേങ്ങയ്ക്ക് ഉയർന്ന വില ലഭ്യമാവും. എന്നാൽ നീര ഉത്പാദനം പോലുള്ള വിപ്ലവകരമായ മാറ്റം വരുത്തുന്ന ആശയങ്ങൾ പഠിക്കാനോ നടപ്പാക്കാനോ വേണ്ടത്ര ശ്രദ്ധ അധികാരികൾ കാണിക്കുന്നില്ല. കണ്ണൂർ, കാസർകോഡ് ജില്ലകൾ പ്രവർത്തന പരിധിയായി നിശ്ചയിച്ച് ആരംഭം കുറിച്ച തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. കർഷകരുടെ കൂട്ടായ്മയാണ് കമ്പനിയുടെ ശക്തിയെന്നും അദ്ദേഹം പറഞ്ഞു.

തിരുമേനി മുതുവത്ത് മനയത്തുമാരിയിൽ തേജസ്വിനി കമ്പനിയുടെ ചുമതലയിൽ അനുവദിച്ച ചങ്ങാതിക്കൂട്ടം ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം പെരിങ്ങോം-വയക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.വി.തമ്പാൻ നിർവ്വഹിച്ചു. തേജസ്വിനി കമ്പനിയുടെ വെബ്സൈറ്റ് ജില്ലാ വ്യവസായ വകുപ്പ് ജനറൽ മാനേജർ ശ്രീ. കനകാംബരനും വ്യക്തിഗത ഷെയർ വിതരണ ഉദ്ഘാടനം പുളിങ്ങോം നാളികേര ഉത്പാദക സംഘത്തിലെ ശ്രീ. ഉണ്ണി ജേക്കബ് പാമ്പയ്ക്കലിന് ഷെയർ സർട്ടിഫിക്കറ്റ് നല്കി നബാർഡ് എജിഎം ശ്രീ. പി. ദിനേശും നിർവ്വഹിച്ചു. ലോഗോപ്രകാശനം ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി.സി. ധനരാജ് നിർവ്വഹിച്ചു. സിപിഎസിന്റെ ആദ്യ ഷെയർ തിരുമേനി നാളികേര ഉത്പാദക സംഘം പ്രസിഡന്റ് ശ്രീ. ഷാജി ഗണപതിപ്ലാക്കലിൽ നിന്നും ആത്മ കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജെയിൻ ജോർജ്ജ് സ്വീകരിച്ച് ഉദ്ഘാടനം ചെയ്തു. യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണ സംഘത്തെക്കുറിച്ച് കയർ കണ്ണൂർ പ്രൊജക്ട് ഓഫീസർ ശ്രീ. കെ. സുരേന്ദ്രനാഥ് വിശദീകരിച്ചു. പോർട്ടബിൾ ഡീഫൈബറിംഗ് യൂണിറ്റ് ഫെഡറേഷനുകൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

തുടർന്ന് നീര സാധ്യതകളെക്കുറിച്ച് ചർച്ച നടന്നു. ജനപ്രതിനിധികളായ ശ്രീമതി. എ. സുഭദ്ര, ശ്രീ. വിജേഷ് പള്ളിക്കര, ചെറുപുഴ ജെഎംയുപി സ്കൂൾ മാനേജർ ശ്രീ. കെ.കുഞ്ഞികൃഷ്ണൻ നായർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ശ്രീ. കെ.എം. ഷാജി, ശ്രീ. വി. കൃഷ്ണൻ മാസ്റ്റർ, ശ്രീ. രാജു ചുണ്ട, ശ്രീ. ഡെന്നി കാവാലം, ശ്രീ. എം. സതീശൻ, ശ്രീ. എം. കെ. ഇബ്രാഹിം എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. സംഘാടക സമിതി ചെയർമാൻ ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റോഷി ജോസ് സ്വാഗതം ആശംസിച്ചു. കമ്പനി വൈസ് ചെയർമാൻ ശ്രീ. ജോയിക്കുട്ടി വിൻസന്റ് കൃതജ്ഞത പ്രകാശിപ്പിച്ചു.